

വയത്തൂർ യു പി സ്കൂളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മാനേജർ ഫാ.തോമസ് പൈമ്പള്ളിൽ ഉദ്ഘാടനം നിർവഹിക്കുന്നു.

ഗാന്ധിജയന്തി ദിനാഘോഷം

തളിപ്പറമ്പ: ആടിക്കുംപാറ പ്രിയദർശിനി കലാസമിതിയുടെ ആഭിമുഖ്യത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടത്തി. എം.വത്സനാരായണൻ അധ്യക്ഷനായി. ടി.വി.രവി, പി.പി. അർജുൻ, കെ.ചന്ദ്രശേഖരൻ സംസാരിച്ചു. കെ.പ്രഭാകരൻ സ്വാഗതവും കെ.കരുണൻ നന്ദിയും പറഞ്ഞു.

ഉളിക്കൽ: വയത്തൂർ യു പി സ്കൂളിൽ ഗാന്ധിജിയുടെ 150ാം ജന്മദിനത്തിന്റെയും, സ്കൂൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം സ്കൂൾ മാനേജർ ഫാ.തോമസ് പൈമ്പള്ളിൽ ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് ജിൻസ് ഉളിക്കൽ അധ്യക്ഷത വഹിച്ചു. പ്രധാനധ്യാപകൻ ടി ജെ ജോർജ്, സജീഷ് ടി മാത്യു, ഷിന്റോ കെ മാത്യു, പ്രസ്റ്റിൻ തോമസ് പ്രസംഗിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ, ശുചിത്വ കേരളം എന്ന മുദ്രവാക്യവുമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഇതോടൊപ്പം തുടക്കം കുറിച്ചു. ലഹരി വിരുദ്ധ തെരുവ് നാടകം അവതരിപ്പിച്ചു.

ദേശീയ സാഹസിക ക്യാമ്പിൽ പങ്കെടുത്ത് തിരിച്ചെത്തിയ മുഹമ്മദ് അർഫാസിന് തളിപ്പറമ്പിൽ നൽകിയ സ്വീകരണം

മുഹമ്മദ് അർഫാസിന് സ്വീകരണം നൽകി

തളിപ്പറമ്പ: ഹിമാചൽ പ്രദേശിലെ നർക്കണ്ടയിൽ നടന്ന ദേശീയ സാഹസിക ക്യാമ്പിൽ പങ്കെടുത്ത പത്ത് പേരിൽ ഒരാളായ സർ സയ്യിദ് ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ് വളണ്ടിയർ ലീഡർ മുഹമ്മദ് അർഫാസ് സാഹസിക പരിശീലനം കഴിഞ്ഞ് തിരിച്ചെത്തി.

സ്കൂൾ എൻ .എസ്.എസ്, സ്കൗട്ട് ആന്റ് ഗൈഡ് വളണ്ടിയേർസ്, അദ്ധ്യാപകർ, പി.ടി.എ ഭാരവാഹികൾ, സാമൂഹിക പ്രവർത്തകർ എന്നിവർ നഗരസഭ ചെയർമാൻ അള്ളാംകുളം മഹ്മൂദിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. പ്രിൻസിപ്പൽ എം. അബ്ദുൽ മുത്തലിബ്, സ്കൂൾ ഹെഡ്മാസ്റ്റർ എ .അഷ്റഫ് സംസാരിച്ചു. പ്രോഗ്രാം ഓഫീസർ പി.എസ് അൻവർ ഉപഹാരം നൽകി. പി.ടി.എ പ്രസിഡന്റ് എ.പി. അബ്ദുള്ള, കെ.കെ അബദുൽ നാസർ, ടി.പി. ഷഫീഖ്, ബേബി ഷിജാൻഷാ, എസ്.കെ. ആബിദ, സി.വി.എൻ.യാസറ, ഷീന നായർ, പി. നസീമ, കെ. പി.ഫിറോസ്, പി.പി. അബു നേതൃത്വം നൽകി. തളിപ്പറമ്പ മന്ന പാറോൽ ഹൗസിൽ താമസിക്കുന്ന എം. അഷ്റഫിന്റെയും ഖൈറുന്നിസയുടെയും മകനായ മുഹമ്മദ് അർഫാസ് തളിപ്പറമ്പ സർ സയ്യിദിലെ രണ്ടാംവർഷ സയൻസ് വിദ്യാർത്ഥിയാണ്.

സി.പി.ഐ ജാഥക്ക് സ്വീകരണം നൽകി

ഉദയഗിരി: മോദിയെ പുറത്താക്കൂ രാജ്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തി സി.പി.ഐ ഇരിക്കൂർ മണ്ഡലം കമ്മിറ്റി ജാഥക്ക് ഉദയഗിരിയിൽ സ്വീകരണം നൽകി. സിദ്ധാർത്ഥൻ കിളിർക്കുന്നേൽ അധ്യക്ഷത വഹിച്ചു. ജാഥാലീഡർ കെ.ടി. ജോസ്, ജി.വി. സോമൻ, ടി.കെ. വൽസൻ, കെ. സജി, ജോസഫ് പാലാക്കാവുങ്കൽ, തോമസ് മണ്ണൂർ, കെ.ആർ. രതീഷ് പ്രസംഗിച്ചു. സി.പി.എം, ബി.ജെ.പി പാർട്ടികളിൽ നിന്ന് രാജിവെച്ച് സി.പി.ഐയിൽ ചേർന്ന സാബുകുന്നേൽ, എം. സോബി, കെ.എസ്. ശ്രീജേഷ്, മനീഷ് എന്നിവർക്ക് സ്വീകരണം നൽകി. ജോസ് കായപ്ലാക്കൽ സ്വാഗതവും സാബു കല്ലട നന്ദിയും പറഞ്ഞു.

വിമുക്ത ഭടന്മാരുടെ ധർണ്ണ നാളെ

കണ്ണൂർ: കേരള സ്റ്റേറ്റ് എക്സ്സർവീസസ് ലീഗ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നാളെ രാവിലെ 10 മണിക്ക് കണ്ണൂർ ഹെഡ്പോസ്റ്റോഫീസിന് മുന്നിൽ ധർണ്ണ നടത്തും. കേന്ദ്ര സർക്കാർ വിമുക്തഭടന്മാരോട് കാണിക്കുന്ന വിവേചനങ്ങൾക്കെതിരെയാണ് ധർണ്ണ. പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് പി.കണ്ണൻ അധ്യക്ഷത വഹിക്കും

എ.കെ.ജി ഐലന്റിൽ തെങ്ങ് നടീൽ ഉദ്ഘാടനം ആന്തൂർ നഗരസഭാ ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ നിർവഹിക്കുന്നു

നാടൻ തെങ്ങുകൾ നട്ടുപിടിച്ചു

ധർമ്മശാല: ആന്തൂർ നഗരസഭയുടെ ആഭിമുഖ്യത്തിൽ എ.കെ.ജി ഐലന്റിൽ 500 നാടൻ തെങ്ങുകൾ നട്ടുപിടിപ്പിച്ചു. തെങ്ങ് നടീൽ ഉദ്ഘാടനം ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ നിർവഹിച്ചു. പന്ത്രണ്ടര ഏക്കർ സ്ഥലത്ത് നേരത്തെ 420 തെങ്ങുകൾ നട്ടുപിടിപ്പിച്ചിരുന്നു. ഇതിന് പുറമെയാണ് പയ്യന്നൂർ അന്നൂരിൽ നിന്നെത്തിച്ച 500 നാടൻ തെങ്ങുകൾ കൂടി വെച്ചുപിടിപ്പിച്ചത്.

കൗൺസിലർമാരായ പുഷ്പജൻ മാസ്റ്റർ, പി.കെ.മുഹമ്മദ്കുഞ്ഞി, സി.പി.എം ലോക്കൽ സെക്രട്ടറി കെ.പി. മോഹനൻ സംബന്ധിച്ചു.

വെള്ളാട് – മാവുംചാൽ പള്ളി റോഡ് പ്രവൃത്തി ആരംഭിച്ചു

ആലക്കോട്: വിനോദ സഞ്ചാര കേന്ദ്രമായ പാലക്കയംതട്ടിനെ ബന്ധിപ്പിച്ചുള്ള വെള്ളാട്-മാവുംചാൽ പള്ളി-പാലക്കയംതട്ട് റോഡ് വീതി കൂട്ടിയുള്ള ടാറിംഗ് പ്രവൃത്തി ആരംഭിച്ചു. വെള്ളാട് ഉദയ അയൽക്കൂട്ടം ജില്ലാ പഞ്ചായത്തിന് നല്കിയ നിവേദനത്തെ തുടർന്നാണ് റോഡിന് ഫണ്ട് അനുവദിച്ചത്. സംഘം പ്രസിഡണ്ട് ബേബി പുറവൻ തുരുത്തിലിന്റെ അധ്യക്ഷതയിൽ ഉദയ സ്വാശ്രയ സംഘം യോഗം റോഡ് പ്രവർത്തിക്ക് ഫണ്ട് അനുവദിച്ച് അധികൃതരെ അനുമോദിച്ചു. ജിമ്മി കൈതയ്ക്കൽ, വി.പി.ബെന്നി, ജോണി കുറ്റിയാനിമറ്റം, ബെന്നി കൊച്ചുപുര പ്രസംഗിച്ചു. ലിജോ കണിയാങ്കുഴി സ്വാഗതവും ഡോ.ജോർജ് പാണ്ടനാട്ട് നന്ദിയും പറഞ്ഞു.

ഏഴോം പ്രിയദർശിനി വനിതാ സഹകരണ സംഘം
ക്ലിപ്തം നമ്പർ സി 1580
പഴയങ്ങാടി, പി.ഒ.പഴയങ്ങാടി ആർ.എസ്

പൊതുയോഗ നോട്ടീസ്

മാന്യരെ,

ഏഴോം പ്രിയദർശിനി സഹകരണ സംഘത്തിന്റെ 'എ' ക്ലാസ് മെമ്പർമാരുടെ ഒരു സാധാരണ പൊതുയോഗം ഒക്ടോബർ 20-ാം തീയതി ശനിയാഴ്ച രണ്ട് മണിക്ക് സംഘം ഓഫീസിൽ വെച്ച് താഴെ പറയുന്ന കാര്യപരിപാടികൾ അനുസരിച്ച് ചേരുന്നതാണ്. യോഗത്തിൽ കൃത്യസമയത്ത് ഹാജരാകുവാൻ മുഴുവൻ എ ക്ലാസ് മെമ്പർമാരോടും അഭ്യർത്ഥിക്കുന്നു.

പഴയങ്ങാടി, എന്ന്,
01-10-2018. കൽപ്പന പ്രകാരം, **സെക്രട്ടറി** (ഒപ്പ്)

കാര്യപരിപാടികൾ

1. സ്വാഗതം
2. അധ്യക്ഷന്റെ ആമുഖപ്രസംഗം
3. 2017-2018 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കൽ
4. 2017-2018 വർഷത്തെ വരവ്-ചെലവ് കണക്ക് അംഗീകരിക്കൽ
5. 2017-2018 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ
6. 2019-2020 വർഷത്തെ കരട് ബഡ്ജറ്റ് അംഗീകരിക്കൽ
7. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ന്യൂനത പരിഹരണം
8. ഉപയോഗശൂന്യമായ ഫർണ്ണിച്ചർ ബ്ലോക്കിൽ നിന്നും നീക്കം ചെയ്യുന്നത് അംഗീകരിക്കൽ
9. പ്രമേയങ്ങളും ചോദ്യങ്ങളും
10. അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ
11. നന്ദി

കുറിപ്പ്:- മെമ്പർമാർക്ക് പ്രമേയങ്ങളോ ചോദ്യങ്ങളോ പൊതുയോഗം മുമ്പാകെ ചർച്ച ചെയ്യാനുണ്ടെങ്കിൽ ആയവ 13-10-2018ന് 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വരുന്ന മെമ്പർമാർ മെമ്പർമാരാണെന്നുള്ളതിന് തെളിവിലേക്ക് രേഖ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. കാര്യപരിപാടിയിൽ കാണിച്ചിട്ടുള്ള പ്രവർത്തന റിപ്പോർട്ട്, വരവ്-ചെലവ് കണക്ക്, കരട് ബഡ്ജറ്റ് എന്നിവ സംഘം ഓഫീസ് നോട്ടീസ് ബോർഡിലും കണ്ണൂർ സഹകരണ സംഘം അസി. രജിസ്ട്രാർ (ജനറൽ) ഓഫീസിലെ നോട്ടീസ് ബോർഡിലും പതിച്ചിട്ടുണ്ട്.

നോട്ടീസ്

2001 മാർച്ചിലെ 447773 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി- ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

RAFEEK. P.
S/o. ABOOBACKER. M.P
POOKKOSINTAKATH
NADUVIL.P.O.NADUVIL-670582
KANNUR (Dist)

തളിപ്പറമ്പിന്റെ രാവുകൾ ഇനി സംഗീത സാന്ദ്രമാകും

പെരിഞ്ചെല്ലൂർ സംഗീതോത്സവം 10 മുതൽ

തളിപ്പറമ്പ: ക്ലാസിക്കൽ കലകളാൽ സമ്പന്നമായിരുന്ന പെരിഞ്ചെല്ലൂർ ഗ്രാമത്തിന്റെ ഭൂതകാല ഓർമ്മകൾ വീണ്ടെടുക്കാനുള്ള പെരിഞ്ചെല്ലൂർ സംഗീത സഭയുടെ ശ്രമങ്ങൾക്ക് ഏഴു ദിവസത്തെ നവരാത്രി സംഗീതോത്സവം വേദി ആവുന്നു.

ആധുനിക തളിപ്പറമ്പിന്റെ ശില്പി കമ്പനി സ്വാമി എന്ന് അറിയപ്പെടുന്ന പി. നീലകണ്ഠ അയ്യരുടെ സ്മരണാർത്ഥം സ്ഥാപിച്ച പെരിഞ്ചെല്ലൂർ സംഗീത സഭയുടെ മൂന്നാം നവരാത്രി സംഗീതോത്സവം 10 മുതൽ 16 വരെ പി. നീലകണ്ഠ അയ്യർ സ്മാരക മന്ദിരത്തിൽ വൈകുന്നേരം 6. 30 മണിക്ക് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരളത്തിലെയും ദക്ഷിണേന്ത്യയിലെയും പ്രമുഖ സംഗീതരാണ് കച്ചേരികൾ അവതരിപ്പിക്കുന്നത്. മുപ്പത്തിയഞ്ചു കച്ചേരികൾ രണ്ടു വർഷത്തിനുള്ളിൽ പെരിഞ്ചെല്ലൂർ സംഗീത സഭ നടത്തി കഴിഞ്ഞു.

10ന് ഡോ. കാഞ്ഞങ്ങാട് രാമചന്ദ്രൻ, 11ന് കല്യാണാപുരം എസ് അരവിന്ദ്, 12ന് കോട്ടയ്ക്കൽ രഞ്ജിത്ത് വാര്യർ, 13ന് ജംനീഷ് ഭാഗവതർ, 14ന് ഹരികൃഷ്ണൻ മൂഴിക്കുളം, 15ന് ലക്ഷ്മി കൃഷ്ണകുമാർ, 16ന് പ്രശസ്ത സംഗീതജ്ഞൻ ശരത് എന്നിവർ കച്ചേരികൾ അവതരിപ്പിക്കും. പ്രശസ്തരായ പക്കമേളം കലാകാരന്മാരും ഇവർക്ക് അകമ്പടിയേകും.

വാർത്താസമ്മേളനത്തിൽ സംഗീതസഭ സ്ഥാപകൻ വിജയ്നീലകണ്ഠൻ, പി.വി.രാജശേഖരൻ, എ.ശിവസുബ്രഹ്മണ്യം, ഡോ. കെ. വി.വത്സലൻ എന്നിവർ സംബന്ധിച്ചു.

പഞ്ചായത്തും ജനങ്ങളും കൈ കോർത്തു; ഉദയഗിരിയിൽ 16 കിലോ മീറ്റർ പുഴ ശുചീകരിച്ചു

ആലക്കോട്: സ്വച്ഛതാഹി സേവ 2018ന്റെ ഭാഗമായി ഉദയഗിരി പഞ്ചായത്ത് നേതൃത്വത്തിൽ 16 കിലോ മീറ്റർ ദൂരം വരുന്ന പുഴ ജനകീയ കൂട്ടായ്മയിൽ ശുചീകരിച്ചു. കാർത്തികപുരം പുഴയുടെ കൊച്ചുകുട്ടാപറമ്പ് ഈയ്യഭരണി, കാരിക്കയം, മണക്കടവ്-മൂരിക്കടവ്, വായിക്കമ്പ പ്രദേശങ്ങളിലൂടെ ഒഴുകുന്ന പുഴയാണ് ശുചീകരിച്ചത്. പുഴകളെ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി നടന്ന ശുചീകരണത്തിൽ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, ജനപ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വൈ.എം.സി.എ പ്രവർത്തകർ, പഞ്ചായത്ത് ജീവനക്കാർ, നാട്ടുകാർ തുടങ്ങി ആയിരത്തിൽപ്പരം ആളുകൾ പങ്കാളികളായി. കാർത്തികപുരത്ത് പഞ്ചായത്ത് പ്രസിഡണ്ട് മിനിമാത്യു ഉദ്ഘാടനം ചെയ്തു. ബീന സുരേഷ് അധ്യക്ഷത വഹിച്ചു. സിജോ തുണ്ടിയിൽ, തോമസ് വെക്കത്താനം, സരിത മാത്യു, പ്രീത പ്രകാശ്, ഒ.എം.ജോർജ്, പി.എ.ജോസഫ്, എ.ആർ.പ്രദീപ്, മുഹമ്മദ് ബഷീർ, ബെന്നി പീടികയ്ക്കൽ, സാജൻ ജോസഫ്, എൻ.എം.രാജു, തോമസ് ഇടക്കരക്കണ്ടത്തിൽ, വി.എസ്. ബെന്നി, എം.എ.ജോൺസൺ, ഇ.എം.നാസർ പ്രസംഗിച്ചു. ലോഡ് കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ പുഴകളിൽ നിന്ന് നീക്കി.

തളിപ്പറമ്പ് ചാലത്തൂർ ഹരിത കർഷക സംഘം പ്രവർത്തകർ ഇറക്കിയ നെൽകൃഷിയുടെ കൊയ്ത്തുത്സവം പി.കെ. ശ്രീമതി എം.പി. നിർവഹിക്കുന്നു.

കീഴാറ്റൂർ തോട്ടിലെ മാലിന്യം; പരിഹാരമായില്ലെങ്കിൽ സമരം: സി.പി.എം

തളിപ്പറമ്പ: കീഴാറ്റൂർ തോട്ടിലെ മാലിന്യ പ്രശ്നം ചൂണ്ടിക്കാട്ടി സി.പി.എം കീഴാറ്റൂർ വടക്ക് ബ്രാഞ്ച് സെക്രട്ടറി, നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദിന് നിവേദനം നൽകി. കാക്കാത്തോട് വഴി ഒഴുകിയെത്തുന്ന നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും വന്നടിയുന്നത് കീഴാറ്റൂരിലാണ്. ഒരു ഗ്രാമത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയെ തുടർന്ന് ഒഴുകിയെത്തിയ പ്ലാസ്റ്റിക്ക്, അറവ് മാലിന്യങ്ങൾ കീഴാറ്റൂരിലെ തോട്ടിൽ അടിഞ്ഞു കൂടിയിരിക്കുകയാണ്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ ഉടൻ കൈക്കൊള്ളണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു. മാലിന്യങ്ങൾ നീക്കം ചെയ്തില്ലെങ്കിൽ സമരം സംഘടിപ്പിക്കുമെന്ന് സി.പി.എം കീഴാറ്റൂർ വടക്ക് ബ്രാഞ്ച് കമ്മിറ്റി യോഗം മുന്നറിയിപ്പ് നൽകി. സെക്രട്ടറി കെ.ബിജുമോൻ, ടി.വി.വിനോദ്, വി.പി.സന്തോഷ്, കെ. ഗംഗാധരൻ, കെ.വി.ഗോപാലൻ സംബന്ധിച്ചു.

ആചാര സംരക്ഷണ പ്രാർത്ഥന സംഗമങ്ങൾ 13 മുതൽ 16 വരെ

തളിപ്പറമ്പ്: ശബരിമലപ്രശ്നത്തിൽ ജില്ലയിലെ 15 കേന്ദ്രങ്ങളിൽ ആചാര സംരക്ഷണ പ്രാർത്ഥനാസംഗമങ്ങൾ നടത്താൻ അയ്യപ്പസേവാസംഘം കണ്ണൂർ ജില്ലാ കമ്മറ്റി യോഗം തീരുമാനിച്ചതായി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് കൊയ്യം ജനാർദ്ദനൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 13 മുതൽ 16 വരെയുള്ള ദിവസങ്ങളിലാണ് പ്രാർത്ഥനാസംഗമങ്ങൾ നടത്തുക. 13 ന് വൈകുന്നേരം നാലിന് തളിപ്പറമ്പിലാണ് ആദ്യ പരിപാടി. വിക്രാനന്തപുരം ക്ഷേത്രപരിസരത്ത് നിന്നും ആരംഭിക്കുന്ന വിശ്വാസികളുടെ പ്രകടനം നഗരം ചുറ്റിയ ശേഷം വിക്രാനന്തപുരം ക്ഷേത്രത്തിൽ തന്നെ സമാപിക്കും. സമാധാനപരമായ പ്രാർത്ഥനാ ജാഥകൾ മാത്രമായിരിക്കും നടത്തുക. പരമാവധി സ്ത്രീകളെ പ്രകടനത്തിൽ അണിനിരത്തും. പയ്യന്നൂർ, പഴയങ്ങാടി, കരുവഞ്ചാൽ, ആലക്കോട്, മയ്യിൽ, പയ്യാവൂർ, ചെറുപുഴ, പെരിങ്ങത്തൂർ, കൂത്തുപറമ്പ്, മട്രേരി, മാവിലായി, ചെമ്പ്ര, കരിവെള്ളൂർ, അരവഞ്ചാൽ, ഓണക്കുന്ന് എന്നിവിടങ്ങളിൽ തുടർ ദിവസങ്ങളിൽ പ്രാർത്ഥനാസംഗമങ്ങൾ നടത്തും. ഇത് കൂടാതെ അയ്യപ്പസേവാസംഘം സുപ്രീംകോടതിയിൽ റിവ്യൂഹരജി ഫയൽചെയ്യാനും തീരുമാനിച്ചതായി കൊയ്യം ജനാർദ്ദനൻ പറഞ്ഞു. സേവാസംഘം സെക്രട്ടറി സി.പി.അരവിന്ദാക്ഷൻ, ട്രഷറർ എം.സി.അച്യുതൻ എന്നിവരും പങ്കെടുത്തു.

പ്രതിഷേധ സംഗമം പത്തിന് കരുവഞ്ചാലിൽ

ആലക്കോട്: ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ ലംഘിക്കുന്നതിനെതിരെ വിവിധ ഹൈന്ദവ സംഘടനകളുടെയും ക്ഷേത്ര കമ്മിറ്റികളുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാമജപ യാത്രയും പ്രതിഷേധ സംഗമവും പത്തിന് വൈകുന്നേരം നാല് മണിക്ക് കരുവഞ്ചാലിൽ നടക്കും. വെള്ളാട്, വായാട്ടുപറമ്പ് കവല, കോട്ടക്കടവ്, മണാട്ടി എന്നിവിടങ്ങളിൽ നിന്ന് ഉച്ചകഴിഞ്ഞ് ആരംഭിക്കുന്ന നാമജപ യാത്ര നാല് മണിക്ക് കരുവഞ്ചാലിൽ സംഗമിക്കും. തുടർന്ന് നടക്കുന്ന പ്രതിഷേധ യോഗത്തിൽ പ്രമുഖ ഹൈന്ദവ നേതാക്കൾ പ്രസംഗിക്കുമെന്ന് സംഘാടക സമിതി കൺവീനർ അറിയിച്ചു.

നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

തളിപ്പറമ്പ: തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ നാഷണൽ സർവീസ് സ്കീം ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പിന് കരിമ്പം ഇ.ടി.സിയിൽ തുടക്കമായി. കണ്ണൂർ, കാസർക്കോട് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖലയിലെ 35 സ്കൂളിൽ നിന്നുള്ള 66 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ക്യാമ്പിന്റെ ഭാഗമായി ടീം ബിൽഡിംഗ്, എങ്ങനെ മികച്ച ലീഡറാകാം, വ്യക്തിത്വ വികസന പരിപാടി എന്നിവയും സംഘടിപ്പിക്കും. കുറുമാത്തൂർ ഗ്രാമ പഞ്ചായത്തംഗം പി.ഷീബയുടെ അധ്യക്ഷതയിൽ പ്രസിഡണ്ട് ഐ.വി.നാരായണൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം പാറ ലക്ഷ്മണൻ, എൻ.എസ്.എസ് ജില്ലാ കോർഡിനേറ്റർ ജിഷ മാത്യു സംസാരിച്ചു. കെ.വി.വിനോദ്കുമാർ സ്വാഗതവും സി.ജയകൃഷ്ണൻ നന്ദിയും പറഞ്ഞു.

പ്രവർത്തക
കൺവെൻഷൻ
IUML

മുസ്ലിംലീഗ് തളിപ്പറമ്പ മുനിസിപ്പൽ പ്രവർത്തക കൺവെൻഷൻ മണ്ഡലം പ്രസിഡണ്ട് സി.പി.വി. അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു.

മുസ്ലിംലീഗ് പ്രവർത്തക കൺവെൻഷൻ നടത്തി

തളിപ്പറമ്പ: മുസ്ലിംലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തക കൺവെൻഷൻ പ്രസിഡൻറ് കൊടിയിൽ സലീമിന്റെ അദ്ധ്യക്ഷതയിൽ മുസ്ലിംലീഗ് മണ്ഡലം പ്രസിഡൻറ് സി.പി.വി.അബ്ദുള്ള ഉദ്ഘാടനം ചെയ്തു. പി.മുഹമ്മദ് ഇഖ്ബാൽ, മഹമൂദ് അള്ളാംകുളം, പി.കെ.സുബൈർ, കെ.മുസ്തഫ ഹാജി, കെ.വി.അബൂബക്കർ ഹാജി, സമദ് കടമ്പേരി, പി.സി.നസീർ, കെ.വി.ഉദൈഫ്, ഓലിയൻ ജാഫർ, സി.പി.ഖാദർ ഹാജി, പി.എം.അസീസ് ഹാജി, പറമ്പിൽ അബ്ദുറഹ്മാൻ, പി.പി.ഇസ്മായിൽ, ഷമീർ ഏഴാംമൈൽ, എൻ.യു.ഷഫീഖ് മാസ്റ്റർ, ഉസ്മാൻ കൊമ്മച്ചി, അഷ്റഫ് ബപ്പു, പി.എ.വി.ഷഫീഖ്, വി.എം.റഹീസ് സംസാരിച്ചു. പി.പി.മുഹമ്മദ് നിസാർ സ്വാഗതവും കെ.മുഹമ്മദ് ബഷീർ നന്ദിയും പറഞ്ഞു.

നന്മ സോഷ്യൽ സെന്റർ ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുന്നു.

നന്മ സോഷ്യൽ സെന്റർ ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: മലയോരമേഖലയിൽ സംഗമം പലിശരഹിത കൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്ന തളിപ്പറമ്പ വെൽഫെയർ സൊസൈറ്റിയുടെ ആസ്ഥാനമായി നന്മ സോഷ്യൽ സെന്റർ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു

ഉദ്ഘാടനത്തോടനുബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷൻ 'ഉഷസ്' സൗജന്യ മെഡിക്കൽ ക്യാമ്പ് കൂവോട് അർബൻ ഹെൽത്ത് സെൻററു മായി ചേർന്ന് നടത്തി . മെഡിക്കൽ ക്യാമ്പിന് ഡോ. അനീസ അശ്റഫ്, ഡോ.കെ സജീർ, ഡോ. സഹീർ, ഡോ.റിസ്വാന നേതൃത്വം നൽകി. സൊസൈറ്റിയുടെ കീഴിലുള്ള ഇഹ്സാൻ മെഡിക്കൽ റിലീഫ് & ഗൈഡൻസ് സെൻറർ എല്ലാമാസവും ആദ്യത്തെ ഞായറാഴ്ച പ്രമേഹം കൊളസ്ട്രോൾ, തൈറോയ്ഡ് സ്ക്രീനിങ് ക്യാമ്പുകൾ നടത്തും

പി.സി.വിജയരാജൻ, സാദിഖ് ഉളിയിൽ, പി. പി.നിസാർ, ഫാ. അബ്രഹാം പോണാട്ട്, പി.ടി. പി.സാജിത, എം.ജലാൽ ഖാൻ, ടി.പി.സാഹിദ സംസാരിച്ചു. പീപ്പിൾസ് ഫൗണ്ടേഷൻ ജില്ലാ കോർഡിനേറ്റർ കെ.പി.ആദം കുട്ടി അധ്യക്ഷത വഹിച്ചു. സൊസൈറ്റി പ്രസിഡണ്ട് സി.മുഹമ്മദ് അശ്റഫ് സ്വാഗതവും മെഡിക്കൽ ക്യാമ്പ് കോർഡിനേറ്റർ പി.സി.പി.ഉമ്മർകുട്ടി നന്ദിയും പറഞ്ഞു

ബാർബറെ ആവശ്യമുണ്ട്

കരുവഞ്ചാൽ ടൗണിൽ മെയിൻ റോഡിന് സമീപം പുതിയതായി ആരംഭിക്കുന്ന ജെന്റ്സ് ബ്യൂട്ടിപാർലർ (ബാർബർ ഷോപ്പ്) നോക്കി നടത്തുന്നതിന് പരിചയസമ്പന്നരായ തൊഴിലാളികളെ ഉടൻ ആവശ്യമുണ്ട്.

ബന്ധപ്പെടുക:

Ph: 9744605024

കേരള വാട്ടർ അതോറിട്ടി
വാട്ടർ സപ്ലൈ ഡിവിഷൻ
തളിപ്പറമ്പ

നമ്പർ - KWA/WSDN/TPBA/Tender/18-19 തീയതി: 06 - 10 - 2018

ദർഘാസ് പരസ്യം

ദർഘാസ് നമ്പർ: 13/2018 - 19, പ്രവൃത്തിയുടെ പേര് - കേരള വാട്ടർ അതോറിട്ടിയുടെ തളിപ്പറമ്പ് ഡിവിഷൻ ഓഫീസിലെ ഉപയോഗത്തിനായി മാരുതി സ്വിഫ്റ്റ്/ തത്തുല്യ ഡീസൽ കാർ (മോഡൽ 2011 - 2017) ഡ്രൈവർ, ഇന്ധനം, അറ്റകുറ്റപ്പണികൾ എന്നിവയുൾപ്പെടെ കിലോ മീറ്റർ നിരക്കിൽ ഒരു വർഷത്തെ വാടകക്ക് ലഭ്യമാക്കൽ നിരതദ്രവ്യം 3,700/- രൂപ ദർഘാസ് ഫോറം വില: 900/- രൂപ ദർഘാസുകൾ സ്വീകരിക്കുന്ന തീയതി: 23 - 10 - 2018 വൈകുന്നേരം 3.00 മണിവരെ, ദർഘാസ് തുറക്കുന്ന തീയതി 23 - 10 - 2018 വൈകുന്നേരം 3.30ന് തുറക്കുന്നതാണ്. തിരിച്ചറിയൽ നമ്പർ ഡി - 2/360/15. ഫോൺ നമ്പർ: 04602203230. വെബ്സൈറ്റ് അഡ്രസ് www.kwa.kerala.gov.in/www.etenders.kerala.gov.in

സ്ഥലം: തളിപ്പറമ്പ **എക്സിക്യൂട്ടീവ് എഞ്ചിനീയർ**

കടമുറികൾ വാടകയ്ക്ക്

തളിപ്പറമ്പ നാഷണൽ ഹൈവേയിൽ കടമുറികൾ വാടകയ്ക്ക്. ഓഫീസ്/ബിസിനസ് സ്ഥാപനങ്ങൾക്ക് അനുയോജ്യമായ മുറികൾ.

Contact:
9995595157
9633885157

സ്ഥലം വിൽപ്പനക്ക്

തളിപ്പറമ്പ ടൗണിൽ നിന്ന് 300 മീറ്റർ കീഴാറ്റൂർ നിർദിഷ്ട ബൈപ്പാസിൽ നിന്ന് 150 മീറ്റർ ദൂരം. താർ റോഡ്, വെള്ളം മുതലായ സൗകര്യമുള്ള നിരപ്പായ 13½ സെന്റ് സ്ഥലം വിൽപ്പനക്ക്.

സെന്റിന് രണ്ടേമുക്കാൽ ലക്ഷം പ്രതീക്ഷിക്കുന്നു

8138978800

SUPER STAT PHOTOSTAT

MAIN ROAD, TALIPARAMBA.PH: 2207076
(OPP. ALINKEEL PHARMACY)

CAD PLOTTING (AO, A1, A2, A3)

- Colour
- Black & White
- DTP Work (English, Malayalam)
- Project Work
- Spiral Binding
- Lamination
- Internet

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട, തളിപ്പറമ്പ | ആലക്കോട് റോഡ്, മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു